(ഡി) 2000-ലെ കേരള വികലാംഗ നിയമത്തിലെ റൂൾ 7 പ്രകാരം വ്യാജ വികലാംഗ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയതായി ആരോപിക്കപ്പെടുന്ന 19 പേരുടെ വികലാംഗ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി മെഡിക്കൽ കോളേജ് സൂപ്രണ്ട് ചെയർമാനായുള്ള അപ്പലേറ്റ് മെഡിക്കൽ ബോർഡ് രൂപീകരിക്കുവാൻ വേണ്ടി നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

വികലാംഗരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ

81 (677) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ വികസന കോർപ്പറേഷൻ വഴി വികലാംഗരുടെ സ്വയം തൊഴിലിനായി നൽകിവരുന്ന വായ്പകളുടെയും മറ്റ് ആനുകൂല്യങ്ങളുടേയും വിശദവിവരം അറിയിക്കുമോ ;

(ബി) സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റ് ഏജൻസികൾവഴിയും വികലാംഗരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) അനുബന്ധം- 1 ആയി ചേർത്തിട്ടുണ്ട്. †

(ബി) 1995-ലെ വികലാംഗ സംരക്ഷണ നിയമം സംബന്ധിച്ചും വികലാംഗർക്കായുള്ള അവകാശങ്ങളെ സംബന്ധിച്ചും മുനിസിപ്പൽ/കോർപ്പറേഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി സെമിനാറുകൾ, ടി. വി. ചാനലുകളിലൂടെ വീഡിയോ ക്ലിപ്പിംഗ്, ഡോക്യുമെന്ററി എന്നിവയുടെ സംപ്രേക്ഷണം കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുക എന്നീ പരിപാടികൾ വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റു തലത്തിൽ ചെയ്തു വരുന്നുണ്ട്. കൂടുതൽ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർത്തിട്ടുണ്ട്. *

വികലാംഗ സർട്ടിഫിക്കറ്റ് നൽകാൻ നടപടി

82 (679) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന വികലാംഗ സർട്ടിഫിക്കറ്റ് ഇപ്പോൾ ഏതെല്ലാം കാര്യങ്ങൾക്കാണ് ആധികാരിക രേഖയായി കണക്കാക്കുമെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലുവ നിയോജക മണ്ഡലത്തിൽ ഇതുവരെ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എത്രപേർക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് അത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ. പി. എസ്. സി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ പൊതു ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് 30-11-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 1797 പേർക്ക്

(സി) വികലാംഗ സർട്ടിഫിക്കറ്റ് ഇതുവരെ ലഭിക്കാത്തവർക്ക് മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിലവിലുള്ള മെഡിക്കൽ ബോർഡുകളെ സമീപിച്ച് സർട്ടിഫിക്കറ്റ് എടുക്കാവുന്നതാണ്.

വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്

83 (680) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗരുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശവും കാർഡ് നൽകുന്നതിനുള്ള മൊത്തം ചെലവും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ വികലാംഗർക്ക് കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നോ ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും ഏത് ഏജൻസിയാണ് ആ പദ്ധതി നടപ്പിലാക്കിയതെന്നും എന്തു തുക ചെലവായെന്നും വ്യക്തമാക്കുമോ ;

(ഇ) മുമ്പ് കാർഡ് ലഭിച്ചവർക്ക് വീണ്ടും കാർഡ് നൽകുന്നുണ്ടോ ; എങ്കിൽ രണ്ട് കാർഡിനും നിശ്ചയിച്ചിട്ടുള്ള ഉപയോഗം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly